**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4743** **19-03-2025 - ൽ മറുപടിയ്ക്ക്**

**കൂട് മത്സ്യകർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024 മെയ് മാസം 20-ന് പെരിയാറിൽ വ്യവസായിക മാലിന്യങ്ങൾ ഒഴുകിയെത്തിയതിനെ തുടർന്ന് മത്സ്യകൃഷിക്ക് നാശം സംഭവിച്ച കൂട് മത്സ്യകർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാര വിതരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | 2024 മെയ് മാസം 20-ന് പെരിയാറിൽ മാലിന്യങ്ങൾ ഒഴുകിയെത്തിയതിനെ തുടർന്ന് മത്സ്യകൃഷിക്ക് നാശം സംഭവിച്ച കൂട് മത്സ്യകർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകിയിട്ടില്ല.<br><br>മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത് പൊങ്ങിയതിനെ തുടർന്ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും വകുപ്പിന്റെ നിർദ്ദേശപ്രകാരം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ (കുഫോസ്) സർവ്വയിലൻസ് ടീം പ്രസ്തുത സ്ഥലത്തെ, ജലം, മത്സ്യം, മണൽ എന്നീ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തിയിരുന്നു. പ്രസ്തുത പരിശോധന റിപ്പോർട്ടിൽ, ജല മലിനീകരണം മൂലം മത്സ്യ കർഷകർക്ക് മത്സ്യ കൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും അവർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂട് മത്സ്യകൃഷി, ഓരു ജല മത്സ്യകൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി എന്നിവയ്ക്ക് സംഭവിച്ച നാശനഷ്ടം 703.6628 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്. മത്സ്യ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം സർക്കാർ പരിഗണിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ